# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 58 – 28/01/2019-ലെ മറുപടിക്ക്

## പ്രളയ ബാധിതർക്കുള്ള വിദേശ ധനസഹായം

ചോദ്യം | ഉത്തരം

ശ്രീ. കെ. എം. ഷാജി
ശ്രീ. സി. മമ്മൂട്ടി
ശ്രീ. പി. ഉബൈദുള്ള
ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തെ ത്തുടർന്ന് വിദേശസഹായ വാഗ്ദാനം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെ ത്തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് യു.എ.ഇ അടക്കമുള്ള ചില വിദേശ രാജ്യങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ആയത് സ്വീകരിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അനുമതി അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് കേന്ദ്രത്തിൽ നിന്നും അനുകൂല പ്രതികരണം ലഭ്യമായിട്ടില്ല. |
| ബി | വിദേശ ധനസഹായം സ്വീകരിക്കുവാൻ അനുമതി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ കേന്ദ്രസർക്കാരിന്റെ പ്രതികരണം ലഭിച്ചിട്ടുണ്ടോ; | |
| സി | ലോകബാങ്കും ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും യൂറോപ്യൻ യൂണിയനും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ടോ; ഈ സഹായങ്ങൾ നേടിയെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തി നാവശ്യമായ വായ്പ സമാഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ലോകബാങ്ക്, എ.ഡി.ബി, കെ.എഫ്.ഡബ്ല്യു പ്രതിനിധി കളുമായി ചർച്ച നടത്തി വരികയാണ്. വായ്പ തുക, പലിശ നിരക്ക് എന്നിവ സംബന്ധിച്ച് തീരുമാനങ്ങളിലേയ്ക്ക് എത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ